ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിന് സ്ഥലമെടുക്കാൻ പണം ആവശ്യപ്പെട്ടിട്ടില്ലെന്ന് പറഞ്ഞു. ഇപ്പോൾ ഇവിടെ സഭയിൽ സർക്കുലേറ്റ് ചെയ്ത സപ്ലിമെന്ററി ഗ്രാന്റ്സ് ഞാൻ നോക്കി. അതിൽ ഒരു പൈസപോലും തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിനുവേണ്ടി മാറ്റി വച്ചിട്ടില്ല. അതിന്റെ അർത്ഥം അതിനാവശ്യമായ സ്ഥലമെടുപ്പിനുള്ള പണം മാറ്റി വയ്ക്കാതിരുന്നാൽ ഇനിയും ആ സ്ഥലമെടുപ്പ് വളരെ നീണ്ടുപോകുമെന്നുള്ളതാണ്. അതുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വിളിച്ചുകൂട്ടി അതിന്റെ വികസനത്തിനായി എത്രപണം വേണമെന്ന് കണക്കാക്കി ഈ സപ്ലിമെന്ററി ഗ്രാന്റിൽ തന്നെ പണം നീക്കിവയ്ക്കാനുള്ള നടപടി എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : ഈ കാര്യത്തിൽ ഞാൻ യോജിക്കുന്നു. എന്നാൽ ഇതേവരെ എന്നോട് അതിനുവേണ്ടി പണം ചോദിച്ചിട്ടില്ല, പണമില്ലെന്നുള്ളത് പറയണ്ടേ? അതിന്റെ ചാർജ്ജ് ഏല്പിച്ചിട്ടുള്ള കമ്മിറ്റിയുണ്ട്. ഒരു കമ്മിറ്റി ഇതിന്റെ ഡെവലപ്മെന്റിനുവേണ്ടി രൂപീകരിച്ചിട്ടുണ്ട്. അതേക്കുറിച്ച് കൂടുതലൊന്നും ഞാൻ പറയുന്നില്ല.

മി. സ്പീക്കർ : യേസ്, ചോദ്യം 150, ശ്രീ. ടി.എം. ജേക്കബ്. ഉത്തരം ബഹുമാനപ്പെട്ട ആരോഗ്യവുംസ്പോർട്ട്സുംവകുപ്പുമന്ത്രി.

ഹെപ്പറ്റൈറ്റിസിനുള്ള ചികിത്സ

4 (*150) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹെപ്പറ്റൈറ്റിസ് 'ബി' വൈറസ് ബാധിച്ചിട്ടുള്ള എത്ര ആളുകളും എയ്ഡ്സ് ബാധിച്ചിട്ടുള്ള എത്ര ആളുകളും ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഹെപ്പറ്റൈറ്റിസ് 'ബി' വൈറസിനെതിരായി ഫലപ്രദമായ ചികിൽസ നിലവിലുള്ളത് സാധാരണക്കാർക്ക് ലഭ്യമാകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഹെപ്പറ്റൈറ്റിസ് 'ബി' വൈറസിനെതിരെയുള്ള പ്രതിരോധകുത്തിവയ്പ് എല്ലാവർക്കും സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കുട്ടികൾക്ക് നൽകുന്ന രോഗപ്രതിരോധ കുത്തിവയ്പിൽ ഒരിനമായി ഹെപ്പറ്റൈറ്റിസ് 'ബി' വൈറസിനെതിരെയുള്ള വാക്സിൻകൂടി ഉൾപ്പെടുത്തുമോ;

(ഇ) ഇതിനായി എന്തു തുക വേണ്ടിവരും എന്ന് കണക്കാക്കിയിട്ടുണ്ടോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ,

(എ) ഹെപ്പറ്റൈറ്റിസ് 'ബി' വൈറസ് ബാധിച്ചിട്ടുള്ളവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഡോ.ഷൺമുഖം, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ വി. ബാലകൃഷ്ണൻ, ഡോക്ടർ മിന്നു ഹരിഹരൻ എന്നിവർ നടത്തിയ പഠനത്തിൽ കേരളത്തിൽ ഹെപ്പറ്റൈറ്റിസ് 'ബി' വാഹകരായി 3 ശതമാനം പേരുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. അതേസമയം ഇൻഡ്യയിൽ 4.7 ശതമാനം ആളുകൾ പോസിറ്റീവാണെന്നും കണക്കാക്കിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിലെ കണക്കനുസരിച്ച് 1999 ജനുവരി മുതൽ ഒക്ടോബർ വരെ ആകെ 1787 ഹെപ്പറ്റൈറ്റിസ് 'ബി' കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബ്ലഡ് ബാങ്കുകളിൽ രക്തദാതാക്കളുടെ രക്തം പരിശോധിച്ചതുപ്രകാരം 1998-ൽ 1,50,892 കേസ്സുകളിൽ 1403 പോസിറ്റീവ് കേസ്സുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇതുവരെ 202 രോഗികളാണ് എയ്ഡ്സ് ബാധിച്ചിട്ടുള്ളവരായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) ഹെപ്പറ്റൈറ്റിസ് 'ബി' രോഗികളിൽ 90 ശതമാനവും സാധാരണ ചികിത്സകൾകൊണ്ട് രോഗവിമുക്തരാകുന്നുണ്ടെന്നാണ്. കണക്കാക്കിയിരുന്നത്. പാവപ്പെട്ടവർക്ക് ഇത്തരം ചികിൽസ നല്കാനുള്ള സൗകര്യങ്ങൾ എല്ലാ പ്രധാന ആശുപത്രികളിലും ലഭ്യമാണ്. എന്നാൽ രോഗം സങ്കീർണ്ണമാകുന്നവർക്ക് വിലകൂടിയ മരുന്നുകളായ ഇന്റർഫെറോൾ ഇൻജക്ഷനും ലാമിവ്യൂജിൻ എന്ന ടാബ്ലറ്റുമാണ് നല്കുന്നത്. വളരെ പാവപ്പെട്ടവർക്ക് ലോക്കൽ പർച്ചേസ് വഴിയും എച്ച്.ഡി.സി ഫണ്ടു ഉപയോഗിച്ചും ആവശ്യമായ ഘട്ടങ്ങളിൽ ഇത് സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.

(സി) എല്ലാവർക്കും ഹെപ്പറ്റൈറ്റിസ് 'ബി' വൈറസ്സിനെതിരെയുള്ള പ്രതിരോധ കുത്തിവയ്പ്പ് നല്കുകയെന്നത് കനത്ത സാമ്പത്തിക ബാദ്ധ്യതയുള്ള കാര്യമാണ്. ഈ കുത്തിവയ്പ് ദേശീയ രോഗപ്രതിരോധ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ രോഗംപകരാൻ സാദ്ധ്യതയുള്ളവർക്ക് മാത്രമായി അതാത് രോഗികളുമായി അടുത്തിടപെടുന്ന ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് സൗജന്യമായി ഹെപ്പറ്റൈറ്റിസ് 'ബി' വാക്സിൻ നല്കുന്നുണ്ട്.

(ഡി) അപ്രകാരം ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് നവജാത ശിശുക്കൾക്ക് ഹെപ്പറ്റൈറ്റിസ് 'ബി' വാക്സിൻ നല്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) ഉദ്ദേശം ആറ് കോടി രൂപ.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നല്കിയ മറുപടിയിൽ ആദ്യം നടത്തിയ പഠന റിപ്പോർട്ടിനെക്കുറിച്ച് പറയുന്നുണ്ട്. അത് വച്ചുനോക്കുംപോൾ കേരളത്തിലെ ഒൻപത് ലക്ഷത്തിലേറെ ആളുകൾ ഹെപ്പറ്റൈറ്റിസ് 'ബി' വൈറസ് വാഹകരാണ് എന്നുള്ളതാണ് സൂചന. പഠനറിപ്പോർട്ട് അനുസരിച്ച് ഇതിനെ ആധികാരികമായി കണക്കാക്കാവുന്നതാണ്. ഈ രോഗം ബാധിച്ചതായി കണ്ടുപിടിച്ചാൽ ചികിൽസ ആരംഭിച്ചില്ലെങ്കിൽ ആറാഴ്ചമുതൽ ആറ് മാസത്തിനുള്ളിൽ രോഗിക്ക് മരണം സംഭവിക്കുമെന്നുള്ളതുകൊണ്ടാണ് ഇതിന്റെ വൈറസ്സിന് ഫാസ്റ്റ് കില്ലിംഗ് വൈറസ് എന്നുള്ള പേരുതന്നെ കിട്ടിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇത്രയും വിലപിടിപ്പുള്ള ഇൻജക്ഷനും ഗുളികയും വാങ്ങുന്നതിന് സാധാരണക്കാരായ ആളുകൾക്ക് സാധിക്കുകയില്ല. ഇൻജക്ഷന്റെ പേരും ഗുളികയുടെ പേരും മന്ത്രി ഇവിടെ പറയുകയുണ്ടായി. ഇന്റർഫെറോൾ ഇൻജക്ഷനും ഗുളികയും വളരെ വിലപിടിപ്പുള്ള മരുന്നുകളാണ്. അതുകൊണ്ട് ഈ മരുന്നുകൾ ലഭ്യമാക്കാൻകഴിയാത്ത പാവപ്പെട്ട ആളുകൾ മരണപ്പെടുന്ന സാഹചര്യത്തിൽ ഇത് പരിഹരി

LIBRARY ARCHIVES Kerala Legislative Assembly

ക്കാനായി ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; അതുപോലെതന്നെ നവജാതശിശുക്കൾക്ക് കൊടുക്കുന്ന പ്രതിരോധ കുത്തിവയ്പുകളിൽ ഇത് അടിയന്തിരമായി ഉൾപ്പെടുത്തണമെന്ന് കേരളത്തിലെ പീഡിയാട്രീഷ്യൻസ് എല്ലാവരും തന്നെ അഭിപ്രായപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ കേരളംപോലെ ഹെൽത്ത്വൈസായിട്ട് ഇത്രയും മുന്നോട്ടു പോയിരിക്കുന്ന ഒരു സ്റ്റേറ്റ് ഇനിയും ഇക്കാര്യത്തിൽ മടിച്ചുനിൽക്കുന്നത് ശരിയാണോ?

<u>ശ്രീ. എ.സി ഷൺമുഖദാസ്</u> : അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ച ഒൻപത് ലക്ഷംപേരും വളരെ വലിയ ഗൗരവമേറിയ രോഗത്തിന്റെ അതികഠിനാവസ്ഥയിൽ നിൽക്കുന്നവരല്ല. രോഗത്തിന്റെ അതികഠിനാവസ്ഥയിൽ എത്തുന്നവരെ സംബന്ധിച്ചിടത്തോളം ഇന്ന് ഗവൺമെന്റ് നേരിട്ട് കൊടുക്കുന്ന ചികിൽസയുടെ ഭാഗമായി അവർക്ക് ആവശ്യമായി കൊടുക്കേണ്ട മരുന്ന് ലഭ്യമാക്കാൻ മരുന്നിന്റെ പർച്ചേസിന് അലോട്ടുമെന്റ് ഇല്ലെങ്കിലും ലോക്കൽ പർച്ചേസ് നടത്തുന്നുണ്ട്. ഹെഡ് ഓഫ് ഡിപ്പാർട്ടുമെന്റും ഇക്കാര്യത്തിലുള്ള തീരുമാനത്തിന് വിധേയമായി ആവശ്യമായ മരുന്ന് ലോക്കൽ പർച്ചേസ് നടത്തി കൊടുക്കുന്ന സംവിധാനമുണ്ട്. ഇപ്പറഞ്ഞ കൂട്ടത്തിൽ പ്രതിരോധ കുത്തിവയ്പ്പിനെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെന്റിന് ഞാൻ തന്നെ നേരിട്ട് മുൻ ഗവൺമെന്റിന്റെ കാലത്ത് കത്തയച്ചിട്ടുണ്ടായിരുന്നു. വീണ്ടും ആ വിഷയം കേന്ദ്രഗവൺമെന്റുമായി ടേക്ക് അപ് ചെയ്തിട്ടുണ്ട്. ഇതുവരേയും അക്കാര്യത്തിൽ അനുകൂലമായ നിലപാട് അവർ സ്വീകരിച്ചതായി അറിവില്ല. സംസ്ഥാന ഗവൺമെന്റ് ഗ്രാമ പഞ്ചായത്തുകളുമായി സഹകരിച്ച് നവജാതശിശുക്കൾക്കെങ്കിലും ഇതിന്റെ പ്രതിരോധകുത്തിവയ്പ് കൊടുക്കുന്നതിനെ സംബന്ധിച്ച് ഒരു തവണ ആലോചിച്ചിരുന്നു. അതിൽ അന്തിമ തീരുമാനമൊന്നും എടുത്തിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഹൃദ്രോഗചികിത്സാ ചെലവ്

5 (*151)<u>ശ്രീ. തമ്പാനൂർ രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൃദ്രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഹൃദ്രോഗ ചികിത്സാചെലവ് സാധാരണക്കാർക്ക് താങ്ങാൻ പറ്റാത്തതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഹൃദ്രോഗ ചികിത്സാച്ചെലവ് സാധാരണക്കാർക്ക് താങ്ങാവുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly